**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 546** **09-06-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ** | | **Shri K. Radhakrishnan**<br>**(പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ വികസനവും ദേവസ്വവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽ സാമൂഹ്യ സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിൽ പിന്നാക്കം നിൽക്കുന്നത് ഏതൊക്കെ വിഭാഗങ്ങളിൽപ്പെടുന്നവരാണ്; അറിയിക്കുമോ; | (എ) | ഗോത്രവർഗ്ഗക്കാരിൽ എറ്റവും പിന്നാക്കം നിൽക്കുന്ന സമുദായങ്ങളാണ് ചോലനായ്ക്കർ, കാട്ടുനായ്ക്കർ, കാടർ, കുറുമ്പർ, കൊറഗർ. ഇവരെ പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാർ എന്ന് അറിയപ്പെടുന്നു. ഇതിനുപുറമെ, അടിയർ, പണിയർ, അരനാടൻ, മലമ്പണ്ടാരം, ഹിൽപുലയർ, എന്നീ സമുദായങ്ങളെ കൂടി ഏറ്റവും പിന്നാക്കം നിൽക്കുന്നവരായി കണക്കാക്കിയിരിക്കുന്നു. |
| (ബി) | അവരെ പ്രസ്തുത മേഖലകളിൽ മുന്നേറാൻ സഹായിക്കുന്ന എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാരുടെ വിദ്യാഭ്യാസ സാമ്പത്തിക പിന്നാക്കാവസ്ഥ പരിഹരിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവരുടെ വിദ്യാഭ്യാസ പുരോഗതിക്കായി പ്രത്യേക സ്കൂളുകൾ, മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിൽ ആരംഭിച്ചിട്ടുണ്ട്. ഈ വിഭാഗക്കാരുടെ സമഗ്ര വികസനത്തിനും മറ്റ് സാമ്പത്തിക ഉന്നമനത്തിനും ഉതകുന്ന വിവിധ പദ്ധതികൾ ഊരുകൂട്ട തീരുമാനപ്രകാരം നടപ്പിലാക്കി വരുന്നു. വിദ്യാഭ്യാസപരമായ മുന്നേറ്റത്തിനായി വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ പ്രാക്തനഗോത്രവിഭാഗത്തിലെ കുട്ടികൾക്കും പ്രവേശനം നൽകി അവരുടെ വിദ്യാഭ്യാസം ഉറപ്പാക്കി വരുന്നു. ഈ വിഭാഗങ്ങളിൽ നിന്നും സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങളും നൽകുന്നുണ്ട്. പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ സമഗ്രവികസനത്തിനായി കേന്ദ്ര സഹായത്തോടെ പതിമൂന്നാം ധനകാര്യകമ്മിഷൻ അവാർഡ് മുഖേന 148.00 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. അടിയർ, പണിയർ സമുദായങ്ങളുടെ |

| | | | |
|---|---|---|---|
| | | | പുരോഗതിയ്ക്കായി പ്രത്യേക ശീർഷകം വകയിരുത്തി വിവിധ വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |
| (സി) | സംസ്ഥാനത്ത് അറുപത് ശതമാനത്തിലധികം പട്ടിക വിഭാഗക്കാർ താമസിക്കുന്ന വയനാട്, പാലക്കാട്, ഇടുക്കി ജില്ലകളിൽ പ്രസ്തുത വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിക്കുമോ എന്ന് അറിയിക്കുമോ? | (സി) | പ്രത്യേക ദുർബല ഗോത്രവർഗ്ഗക്കാരെപ്പോലെ പിന്നാക്കം നിൽക്കുന്ന അഞ്ച് സമുദായങ്ങളായ അടിയർ, പണിയർ, ഹിൽപുലയ, അരനാടൻ, മലമ്പണ്ടാരം എന്നിവരുടെ സമഗ്ര വികസനം ലക്ഷ്യം വെച്ച് 532.57 കോടി രൂപയുടെ പദ്ധതി പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന്റെ പരിഗണനക്കായി സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ